# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2156 — 23.3.2012-ൽ മറുപടിക്ക്.

### പാലക്കാട് കോച്ച് ഫാക്ടറി സംയുക്ത സംരംഭമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | പാലക്കാട് കോച്ച് ഫാക്ടറിക്കായി സ്ഥലം അക്വയർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ടെന്നും സർക്കാർ ഭൂമി എത്രയെന്നും വ്യക്തമാക്കുമോ: | (എ) | പാലക്കാട് കോച്ച് ഫാക്ടറിയ്ക്കായി 430.59 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ആയതിൽ 238.94 ഏക്കർ ഭൂമി സർക്കാർ ഭൂമിയാണ്. |
| (ബി) | കോച്ച് ഫാക്ടറി പൊതുമേഖലയിലായിരിക്കുമെന്ന് കേന്ദ്രത്തിൽ നിന്നും അറിയിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | അത് സ്വകാര്യമേഖലയിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും | പാലക്കാട് റയിൽ കോച്ച് ഫാക്ടറി 550 കോടി രൂപ ചിലവിൽ റയിൽവേയ്ക്ക് 26% ഓഹരിയുള്ള സ്വകാര്യ പങ്കാളിത്തത്തോടുകൂടി കൂട്ടു സംരംഭം വഴി നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. അതിനായി 33.70 കോടി രൂപയ്ക്ക് 239 ഏക്കർ ഭൂമി റയിൽവേ ആവശ്യപ്പെട്ടതു പ്രകാരം റയിൽവേക്ക് കൈമാറ്റം ചെയ്യുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ സംസ്ഥാനം ആവശ്യമായ ഭൂമി ലഭ്യമാക്കി, ഓഹരി പങ്കാളിത്തമെടുത്ത് സംയുക്ത സംരംഭമായി കോച്ച് ഫാക്ടറി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ